30|12|21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 631(6)/2021 *എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.6140/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

## അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**തീയതി : 22.12.2021**

ശ്രീമതി ഗിരിജ സി.ആർ,
സിനിജ ഭവൻ,
മണ്ണോട്ടുകോണം,
പായാട്ടുവിള പി.ഒ,
ബാലരാമപുരം – 695 501,
തിരുവനന്തപുരം. — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ,
   കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ,
   കോളേജ് ഓഫ് എഞ്ചിനിയറിംഗ് മുട്ടത്തറ ക്യാമ്പസ്,
   സെന്റ്. സബാസ്റ്റ്യൻ ചർച്ച് റോഡ്,
   വള്ളക്കടവ് പി.ഒ, തിരുവനന്തപുരം – 695 008.

2. അപ്പീൽ അധികാരി
   ഡയറക്ടർ,
   കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ,
   കോളേജ് ഓഫ് എഞ്ചിനിയറിംഗ് മുട്ടത്തറ ക്യാമ്പസ്,
   സെന്റ്. സബാസ്റ്റ്യൻ ചർച്ച് റോഡ്,
   വള്ളക്കടവ് പി.ഒ, തിരുവനന്തപുരം – 695 008.

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 19/03/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 14/04/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/05/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 21/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/08/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 17/12/2021<br>കമ്മീഷൻ ആസ്ഥാനം |

| ഹിയറിംഗിലെ സാന്നിധ്യം: | |
|---|---|
| ഹർജിക്കാരി | ഹാജരായില്ല |
| ഒന്നാം എതിർകക്ഷി | ഹാജരായില്ല |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഗിരിജ സി.ആർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാന്റെ 5-ാം നമ്പർ ചോദ്യത്തിന് അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതും പരസ്പര വിരുദ്ധവുമായ മറുപടിയാണ് നൽകിയതെന്നും രേഖകളുടെ പകർപ്പിന് നിശ്ചിത ഫീസ് അടച്ചിട്ടും നാളിതു വരെ പകർപ്പ് ലഭ്യമാക്കിയില്ലെന്നും ആയതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്റെ മറുപടിയിൽ ടി കാര്യങ്ങളെകുറിച്ചൊന്നും പരാമർശിക്കാതെ അപ്പീൽ തീർപ്പാക്കിയെന്നും ആയതിനാൽ ടിയാന്റെ അപേക്ഷയ്ക്ക് സത്യവും നീതിയുക്തവുമായ മറുപടി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) അസിസ്റ്റന്റ് ഗ്രേഡ് II ഉം അസിസ്റ്റന്റ് ഗ്രേഡ് I ഉം ആയി 15.12.2015 ൽ 13 വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര പേർ ഉണ്ടെന്നും ആരെല്ലാമാണെന്നും ഓരോരുത്തരും 13 വർഷം പൂർത്തിയാക്കിയ തീയതി തരം തിരിച്ച് നൽകുന്നതിനും

2) ജൂനിയർ സൂപ്രണ്ട് തസ്തിക കേപ്പിൽ നിലവിൽ വന്നത് എന്നാണെന്നും എത്ര തസ്തികയാണ് അന്ന് അനുവദിച്ചിട്ടുള്ളതെന്നും

3) 15.12.2015 വരെ എത്ര പേർക്ക് ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും അവർ ആരെല്ലാമായിരുന്നെന്നും 15.12.2015 ൽ എത്ര ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിവുണ്ടായിരുന്നെന്നും തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 19.03.2021 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടിയിൽ ചോദ്യം നമ്പർ 5 ന് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൾ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയത് 14.04.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 12.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരിയുടെ വിവരാവ കാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിൽ ചോദ്യം നം. 5 ന്റെ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൾ അപ്പീൽ ഫയൽ ചെയ്ത തെന്നും ടി അപ്പീലിന് 14.04.2021 ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കേപ്പിൽ 06.03.2013 ൽ 9 ജൂനിയർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിച്ചുവെന്നും അസിസ്റ്റന്റ് തസ്തികയിൽ 13 വർഷം സർവ്വീസ് ഉള്ളവരെ അസിസ്റ്റന്റ് ഗ്രേഡ് I ലെ സീനി യോറിറ്റി ലിസ്റ്റിലെ മുറ പ്രകാരമാണ് പ്രൊമോഷൻ നൽകുന്നതെന്നും 15.12.2015 വരെ മേൽ പ്രസ്താവിച്ച യോഗ്യതകൾ കണക്കിലെടുത്ത് 6 പേരെയും 06.01.2016 ൽ ഒരാളെയും 25.02.2016 ൽ രണ്ട് പേരെയും പ്രൊമോട്ട് ചെയ്ത് നിയമിച്ചു വെന്നും അസിസ്റ്റന്റ് ഗ്രേഡ് I സീനിയോരിറ്റി ലിസ്റ്റിലെ 1 മുതൽ 9 വരെ ക്രമ നമ്പ റിലെ പേരുകാരാണ് മേൽ പ്രസ്താവിച്ച പ്രകാരം പ്രൊമോട്ട് ചെയ്യപ്പെട്ടതെന്നും ശ്രീമതി സുനി ടി.എസ് സീനിയോരിറ്റി ലിസ്റ്റിലെ പതിനൊന്നാം സ്ഥാനക്കാരി യായി ഒഴിവുകളുടെ അഭാവത്തിൽ പ്രൊമോഷൻ ലഭിക്കാതെ തുടരുകയുമാണെ ന്നാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജി ക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർക ക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നു. ടിയാളുടെ അപ്പീലപേക്ഷയിലെ ആക്ഷേപത്തിന് ടിയാൾ ആവശ്യപ്പെട്ട കാര്യത്തെ കുറിച്ച് യാതൊന്നും പരാമർശി ക്കാതെ അപ്പീൽ തീർപ്പാക്കിയെന്നാണ് ടിയാൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിൽ പറഞ്ഞിരിക്കുന്നത്. 17.12.2021 ൽ കമ്മീഷൻ നടത്തിയ നേരിട്ടുള്ള ഹിയറിംഗിൽ ഇരു കക്ഷികളും പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ കമ്മീഷനിൽ അറിയിക്കുകയോ ചെയ്തിരുന്നില്ല. കമ്മീഷൻ ഹിയ റിംഗ് നിശ്ചയിച്ച് കത്തയക്കുകയും ആയത് കൈപ്പറ്റിയിട്ടും പങ്കെടുക്കുകയോ

പങ്കെടുക്കുവാൻ ഏന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ആയത് അറിയിക്കാതിരിക്കുകയും ചെയ്ത ഒന്നാം എതിർകക്ഷിയുടെ നിലപാട് തികച്ചും നിഷേധപരമായി കമ്മീഷൻ കാണുന്നു. അപ്രകാരം ഹിയറിംഗിൽ പങ്കെടുക്കാതിരുന്നതിന്റെ വിശദീകരണം ഒന്നാം എതിർകക്ഷി ഉത്തരവ് ലഭിച്ച് 2022 ജനുവരി 12 ന് 2.00 pm ന് കമ്മീഷനിൽ നേരിൽ ഹാജരാക്കേണ്ടതാണ്. 12.08.2021 തീയതി വച്ച് രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ വിശദമായി പ്രതിപാദിച്ചിരിക്കുന്നതായി കാണുന്നു. ടി റിപ്പോർട്ട് പരാതിക്കാരിയ്ക്കും അയച്ചു നൽകുന്നതായിട്ടാണ് റിപ്പോർട്ടിൽ പറയുന്നത്. ഹർജിക്കാരിയുടെ അപേക്ഷയിൽ മറുപടിയെല്ലാം ലഭ്യമാക്കിയിരിക്കുന്നതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm